ഏകദിന പരിശീലന പരിപാടി

തിരുവനന്തപുരം: കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കരമന പ്രവർത്തിക്കുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ 'സംരംഭകത്തിനായി കൂൺ വിത്തുത്പാദനം' എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി ഈ മാസം നാലാം വാരം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. 500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് അവസരം. താൽപര്യമുള്ളവർ 9446104347, 9645219270 എന്നീ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ജില്ലാ ഭാരവാഹികൾ രാജിവച്ചു

നെടുമങ്ങാട്: ജനാധിപത്യ കേരളാ കോൺഗ്രസ് തിരുവനന്തപുരംജില്ലാ ജനറൽ സെക്രട്ടറിയും, ട്രേഡ് യൂണിയൻ ജില്ലാ പ്രസിഡന്റുമായ എൽ. ആർ വിനയചന്ദ്രൻ, വട്ടിയൂർക്കാവ് നിയോജക മണ്ഡലം പ്രസിഡന്റ് പുതൂർക്കോണം സുരേഷ്, കർഷകയൂണിയൻ ജില്ലാ പ്രസിഡന്റ് ഇറയാംകോട് ഹരി മണ്ഡലം പ്രസിഡന്റുമാർ പോഷക സംഘടനാ ഭാരവാഹികളായ മഞ്ജു മനൂസ് ഹട്ട്, പി. വത്സല കുമാരി, വസന്ത, അജയൻ. ആർ, വിപിൻ വി. നായർ, നുജുമുദീൻ, കിരൺ, ജോഷി എന്നിവർ രാജിവെച്ചു. ഈ മാസം 24ന് തിരുവനന്തപുരത്ത് നടക്കുന്ന പ്രവർത്തക സമ്മേളനത്തിൽ ഭാവിപരിപാടികൾ തീരുമാനിക്കുമെന്നു ജില്ലാ സെക്രട്ടറി എൽ.ആർ. വിനയചന്ദ്രൻ അറിയിച്ചു.

ക്ഷീരകർഷക സമ്പർക്കം

നെയ്യാറ്റിൻകര: ആറാട്ടുകുഴി ക്ഷീരോത്പാദക സഹകരണ സംഘത്തിൽ സംഘടിപ്പിച്ച ക്ഷീരകർഷക സമ്പർക്ക പരിപാടി വെള്ളറട പഞ്ചായത്ത് പ്രസിഡന്റ് എം. രാജ് മോഹൻ ഉദ്ഘാടനം ചെയ്തു. ഭരണസമിതി അംഗം ചന്ദ്രിക അധ്യക്ഷത വഹിച്ചു. ഡോ. ദിവ്യ ആർ. നിശാ വസൻ ബോധവത്കരണ ക്ലാസ് എടുത്തു. ആർ.ജി. ജയകുമാർ, സജിത ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.

ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവ്

നെയ്യാറ്റിൻകര: കള്ളിക്കാട് പഞ്ചായത്തിൽ ടെക്നിക്കൽ അസിസ്റ്റന്റിന്റെ ഒഴിവിലേക്കുള്ള മാറ്റിവച്ച വാക്ക് ഇൻ ഇന്റർവ്യൂ 11ന് രാവിലെ 11ന് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടക്കും. യോഗ്യതയുള്ളവർ അസൽ രേഖകളുമായി പങ്കെടുക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

വീഡിയോ എഡിറ്റിങ് കോഴ്സിന് അപേക്ഷിക്കാം

തിരുവനന്തപുരം: കേരള മീഡിയ അക്കാദമിയുടെ തിരുവനന്തപുരം സെന്ററിൽ അടുത്ത മാസം തുടങ്ങുന്ന വീഡിയോ എഡിറ്റിങ് സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. 6 മാസമാണ് കോഴ്സിന്റെ കാലാവധി. 30 പേർക്കാണ് പ്രവേശനം. നൂതന സോഫ്റ്റ്‌വെയറുകളിൽ പരിശീലനം നൽകും. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 34,500 രൂപയാണ് ഫീസ്. പട്ടികജാതി/പട്ടികവർഗ/ ഒഇസി വിദ്യാർഥികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കും. പ്ലസ് ടു യോഗ്യതയുള്ളവർക്ക് www.keralamediaacademy.org വെബ്സൈറ്റിലൂടെ ഓൺലൈനായോ ശാസ്തമംഗലത്തുള്ള അക്കാദമി സെന്ററിൽ നേരിട്ടോ ജൂലൈ 25 വരെ അപേക്ഷ സമർപ്പിക്കാം. അപേക്ഷാഫീസ് 300 രൂപ (പട്ടികജാതി, പട്ടികവർഗ, ഒഇസി വിഭാഗക്കാർക്ക് 150 രൂപ) ഇ-ട്രാൻസ്ഫർ / ബാങ്ക്മുഖേന അടച്ച രേഖയും സർട്ടിഫിക്കറ്റുകളുടെ പകർപ്പും അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം. വിവരങ്ങൾക്ക് 0471 2726275, 6282692725.

തീയതി നീട്ടി

കൊല്ലം: പോരുവഴി സർക്കാർ ഐടിഐയിലെ എസ്സിവിറ്റി മെട്രിക്ക് ട്രേഡുകളായ ഇലക്ട്രീഷ്യൻ, ഫിറ്റർ എം.എ.ഇ.ഇ ട്രേഡുകളിലെ 2024 അധ്യയനവർഷത്തിലേക്കുള്ള അപേക്ഷകൾ itiadmissions.kerala.gov.in ൽ ജൂലൈ 12 വരെ അപേക്ഷിക്കാം. ഫോൺ: 0476-2910033, 9037848644, 9605703940.

നഷ്ടപ്പെട്ടു

എന്റെ പേരിലുള്ള KL 01 CS 3113 Pulsar RS 200 ബൈക്കിന്റെ ആർസി ബുക്ക് തിരിച്ചുകിട്ടാത്തവിധം നഷ്ടപ്പെട്ടു. ഇതിന്റെ ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ പരാതിയുള്ളവർ 7 ദിവസത്തിനകം തിരുവനന്തപുരം ആർടിഒയിൽ ബന്ധപ്പെടേണ്ടതാണ്.
Sreebhadra,
Vallamcodu, Kalliyoor P.O.
Thiruvananthapuram
7907714673

വായന പക്ഷാചരണവും ഐ.വി. ദാസ് അനുസ്മരണവും

നെടുമങ്ങാട്: താലൂക്ക് തല വായനാപക്ഷാചരണ സമാപനവും ഐ.വി. ദാസ് അനുസ്മരണവും മന്നൂർക്കോണം പീപ്പിൾസ് ലൈബ്രറിയിൽ സംഘടിപ്പിച്ചു. തിരുവനന്തപുരം ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ബി. പി. മുരളി ഉദ്ഘാടനം ചെയ്തു.

താലൂക്ക് ലൈബ്രറി കൗൺസിൽ വൈസ് പ്രസിഡന്റ് പി.ജി. പ്രേമചന്ദ്രൻ അധ്യക്ഷനായി. എസ്എസ്എൽസി, പ്ലസ്ടു വിജയികൾക്ക് അനുമോദനം, വായനാമത്സര വിജയികൾക്കു സമ്മാന നിർവഹണം, 'ഏറ്റവും പ്രിയപ്പെട്ട' കത്തെഴുത്ത് മത്സര വിജയികൾക്കു പുസ്തക സമ്മാന വിതരണം, പുസ്തക ദിനത്തോടനുബന്ധിച്ച് ലൈബ്രറിയിലെ വായനക്കാർക്കിടയിൽ നടത്തിയ നറുക്കെടുപ്പിൽ വിജയിച്ച വ്യക്തിക്കു പുസ്തക വിതരണം തുടങ്ങിയവയും സംഘടിപ്പിച്ചു. താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി എൻ. ഗോപാലകൃഷ്ണൻ സ്വാഗതം പറഞ്ഞു.

ആനാട് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പാണയം നിസാർ താലൂക്ക് ലൈബ്രറി കൗൺസിൽ അംഗം അശോക് കുമാർ, പീപ്പിൾസ് ലൈബ്രറി സെക്രട്ടറി വി.എസ്. അനന്തകൃഷ്ണൻ, പ്രസിഡന്റ് ആർ. സഞ്ജു തുടങ്ങിയവർ പ്രസംഗിച്ചു.

വായന പക്ഷാചരണവും ഐ.വി. ദാസ് അനുസ്മരണവും ബി.പി. മുരളി ഉദ്ഘാടനം ചെയ്യുന്നു.

ക്യാപ്റ്റൻ ജെറി പ്രേം രാജിന്റെ സ്മൃതി മണ്ഡപത്തിൽ വി.എം. സുധീരൻ, എം. വിൻസെന്റ് എംഎൽഎ തുടങ്ങിയവർ പുഷ്പാഞ്ജലി അർപ്പിക്കുന്നു.

ക്യാപ്റ്റൻ ജെറി പ്രേംരാജിനെ അനുസ്മരിച്ചു

ബാലരാമപുരം: കാർഗിൽ യുദ്ധത്തിൽ വീരചരമം പ്രാപിച്ച പരമവീർചക്ര ക്യാപ്റ്റൻ ജെറി പ്രേംരാജിന്റെ 25-ാം വീരമൃത്യു ദിന അനുസ്മരണം വി.എം. സുധീരൻ ഉദ്ഘാടനം ചെയ്തു.

എം. വിൻസെന്റ് എംഎൽഎ അനുസ്മരണ പ്രഭാഷണം നടത്തി. സദ്ഗമയ സംസ്കാരികവേദി ചെയർമാൻ സി.ആർ. പ്രാണകുമാർ അധ്യക്ഷനായി. കെപിസിസി ജനറൽ സെക്രട്ടറി ജി. സുബോധൻ, ജില്ലാ പഞ്ചായത്തംഗം സി.കെ. വത്സലകുമാർ, യുഡിഎഫ് മണ്ഡലം ചെയർമാൻ കോളിയൂർ ദിവാകരൻനായർ, ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റുമാരായ ഉച്ചക്കട സുരേഷ്, കരുംകുളം ജയകുമാർ, വെങ്ങാനൂർ ശ്രീകുമാർ, വി. പി. വിഷ്ണു, സിസിലിപുരം ജയകുമാർ, പ്രഭുല്ലചന്ദ്രൻ, കെ.കെ. അജയലാൽ, ജിനുലാൽ എസ്.എസ്. ഫ്രാൻസിസ്, ബിജു മുക്കോല, സുജി വെങ്ങാനൂർ, ബിജു, ശരത്, അനിഷാ സന്തോഷ്, തിരുപുറം സന്തോഷ്, സി.ആർ. ആത്മകുമാർ, സച്ചിൻ മര്യാപുരം, അഫ്സൽ ബാലരാമപുരം, സുൽഫി ബാലരാമപുരം, മരിയാപുരം വിപിൻരാജ്, ആന്റണി കിരൺ, ബി.എസ്. സുബിൻ, വിജി ആനന്ദ്, പി. ബിനുകുമാർ തുടങ്ങിയർ പങ്കെടുത്തു.

'മിന്നാമിന്നികൂട്ടം' ബാലവേദി മണ്ഡലം ക്യാമ്പ്

ബാലവേദി മണ്ഡലം ക്യാമ്പ് രാധാകൃഷ്ണൻ കുന്നുംപുറം ഉദ്ഘാടനം ചെയ്യുന്നു.

നെടുമങ്ങാട്: ബാലവേദി നെടുമങ്ങാട് മണ്ഡലം ക്യാമ്പ് പിഎം സുൽത്താൻ സ്മാരകത്തിൽ വിവിധ കലാപരിപാടികളോട് കൂടി സംഘടിപ്പിച്ചു. കവി രാധാകൃഷ്ണൻ കുന്നുംപുറം ഉദ്ഘാടനം ചെയ്തു.

ബാലവേദി മണ്ഡലം വൈസ് പ്രസിഡന്റ് അനശ്വര അധ്യക്ഷയായി. കൺവീനർ പി.കെ. സാം സ്വാഗതം ആശംസിച്ചു. ചിത്രകാരൻ ടിങ്കിൾ രാജേഷ് ക്ലാസ് നയിച്ചു. ബാലവേദി ജില്ലാ രക്ഷാധികാരിയും സിപിഐ സംസ്ഥാന കമ്മിറ്റി അംഗവുമായ എ.എസ്. ആനന്ദകുമാർ, സിപിഐ നെടുമങ്ങാട് മണ്ഡലം അസിസ്റ്റന്റ് സെക്രട്ടറി എസ്. ആർ. വിജയൻ, സെക്രട്ടറിയേറ്റ് അംഗങ്ങളായ വി. രാജീവ്, എസ്. രാജപ്പൻ നായർ, രാധാകൃഷ്ണൻ, ജി. സുധാകരൻ നായർ, എഐഎസ്എഫ് സംസ്ഥാന കമ്മിറ്റി അംഗം അൽ അമീൻ എൻ. ഖാൻ എന്നിവർ പങ്കെടുത്തു.

മണ്ഡലം ഭാരവാഹികളായി പ്രസിഡന്റ് ആദിൽ മുഹമ്മദ്, സെക്രട്ടറി അനശ്വര എന്നിവരടങ്ങിയ 17 അംഗ മണ്ഡലം കമ്മിറ്റിയും ക്യാമ്പ് തെരഞ്ഞെടുത്തു.

കെ. കരുണാകരന്റെ ജന്മദിന സമ്മേളനം പൗരാവകാശ സംരക്ഷണ സമിതി സംസ്ഥാനപ്രസിഡന്റ് മാണിക്യവിളാകം റഷീദ് ഉദ്ഘാടനം ചെയ്യുന്നു.

ലീഡറുടെ ജന്മദിനസമ്മേളനം സംഘടിപ്പിച്ചു

നെടുമങ്ങാട്: സർവോദയ കൾച്ചറൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മുൻ മുഖ്യമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ കെ. കരുണാകരന്റെ ജന്മദിന സമ്മേളനം സംഘടിപ്പിച്ചു. പൗരാവകാശ സംരക്ഷണ സമിതി സംസ്ഥാനപ്രസിഡന്റ് മാണിക്യവിളാകം റഷീദ് ഉദ്ഘാടനം ചെയ്തു. സൊസൈറ്റി പ്രസിഡന്റ് പുലിപ്പാറ യൂസഫ് അധ്യക്ഷത വഹിച്ചു.

സാമൂഹ്യപ്രവർത്തകരായ നെടുമങ്ങാട് ശ്രീകുമാർ, ഇല്യാസ് പത്താംകല്ല്, പഴവിള ജലീൽ, അഫ്സൽ വാളിക്കോട്, എ. അബ്ദുൽസലാം,എ. അജിംഷാ, ഡി. സാദിക് തുടങ്ങിയവർ സംബന്ധിച്ചു.

എസ്എംവി സ്കൂളിന് കമ്പ്യൂട്ടറുകളും ലാബും സംഭാവന ചെയ്ത് യുഎസ്ടി

തിരുവനന്തപുരം: ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ സൊല്യൂഷൻസ് കമ്പനിയായ യുഎസ്ടി തങ്ങളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സംരംഭങ്ങളുടെ ഭാഗമായി കമ്പനിയുടെ 25-ാം വാർഷികത്തിന്റെ വേളയിൽ എസ്എംവി സ്കൂളിന് 20 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ സംഭാവന ചെയ്യുകയും ഒരു ഐടി ലാബ് സ്ഥാപിച്ച് കൈമാറുകയും ചെയ്തു. കമ്പനിയുടെ 25-ാം വാർഷികം, സ്ഥാപകനായ ജി.എ. മേനോന്റെ ജന്മവാർഷികം എന്നിവയോടനുബന്ധിച്ചു നടക്കുന്ന വാരാഘോഷങ്ങളുടെ ഭാഗമായിട്ടാണ് ഇവ സ്കൂളിനു കൈമാറിയത്. യുഎസ്ടി തിരുവനന്തപുരം കേന്ദ്രം മേധാവിയായ ശിൽപ മേനോൻ, ടാലന്റ് അക്വിസിഷൻ വിഭാഗത്തിലെ നികിത ബഹാദൂർ, പിആർആൻഡ് മാർക്കറ്റിങ് കേരള ലീഡ് റോഷ്നി ദാസ് കെ എന്നിവർ ചേർന്നാണ് സ്കൂളിന് ഇവ കൈമാറിയത്. യുഎസ്ടിയുടെ സിഎസ്ആർ അംബാസഡർ സോഫി ജാനറ്റ്, സിഎസ്ആർ ഫിനാൻസ് ലീഡ് വിനീത് മോഹനൻ എന്നിവരാണ് കമ്പനിയുടെ ഭാഗത്തു നിന്ന് പരിപാടി ആസൂത്രണം ചെയ്തത്. സ്കൂൾ പ്രിൻസിപ്പാൾ കല്പന ചന്ദ്രൻ, എൻഎസ്എസ് പ്രോഗ്രാം ഓഫീസറും സീനിയർ അധ്യാപികയുമായ ബിന്ദു എസ് ആർ, കംപ്യൂട്ടർ സയൻസ് അധ്യാപകരായ സേതു ലാൽ, ബിപിൻ ചാറ്റർജി എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന സ്കൂളുകളിലൊന്നായ എസ്എംവി സ്കൂളിലെ വിദ്യാർഥികളെ സഹായിക്കാൻ അവസരം ലഭിച്ചതിൽ ഞങ്ങൾക്ക് വളരെയധികം സന്തോഷമുണ്ടെന്ന് ശിൽപ മേനോനും ഞങ്ങളുടെ സ്കൂളിൽ ഒരു ഐടി ലാബ് സജ്ജീകരിച്ച് സഹായിച്ച യുഎസ്ടിയോട് ഞങ്ങൾ നന്ദിയുള്ളവരാണെന്ന് സ്കൂൾ പ്രിൻസിപ്പാൾ കൽപന ചന്ദ്രനും പറഞ്ഞു.

എസ്എംവി സ്കൂളിന് കമ്പ്യൂട്ടർ കൈമാറിയ ശേഷം യുഎസ്ടി കമ്പനി ഭാരവാഹികളും സ്കൂൾ പ്രതിനിധികളും.

അമ്മ വായന പദ്ധതി ആർ. പാർവതിദേവി ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: പേയാട് വിദ്യാ പ്രബോധിനി ഗ്രാമീണ ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ ഗവ. എൽ പി സ്കൂളിൽ ആരംഭിച്ച അമ്മ വായന പദ്ധതി മുൻ പിഎസ്സി അംഗവും എഴുത്തുകാരിയുമായ ആർ. പാർവതി ദേവി ഉദ്ഘാടനം ചെയ്തു.

ഗ്രന്ഥശാല പ്രസിഡന്റ് ജി. ഭുവനചന്ദ്രന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ലൈബ്രറി കൗൺസിൽ കാട്ടാക്കട താലൂക്ക് കമ്മിറ്റി സെക്രട്ടറി ബി. രാജഗോപാൽ, സ്കൂൾ ഹെഡ്മിസ്ട്രസ് എസ്. ബിന്ദു, പിടിഎ പ്രസിഡന്റ് ആർ.വി. സജിൻ എന്നിവർ പ്രസംഗിച്ചു. ഗ്രന്ഥശാല സെക്രട്ടറി കെ. രാജൻ സ്വാഗതവും കമ്മറ്റിയംഗം ശാലിനി നന്ദിയും പറഞ്ഞു. ചടങ്ങിൽ 50 ഓളം അമ്മമാർ പങ്കെടുത്തു.

അമ്മ വായന പദ്ധതി മുൻ പിഎസ്സി അംഗവും എഴുത്തുകാരിയുമായ ആർ. പാർവതി ദേവി ഉദ്ഘാടനം ചെയ്യുന്നു.

കെഎസ്ആർടിസിയുടെ സ്നേഹാദരവ് ഏറ്റുവാങ്ങിയ കോർപ്പറേഷനിലെ ശുചീകരണ തൊഴിലാളികൾ.

നഗരസഭ ശുചീകരണ തൊഴിലാളികൾക്ക് കെഎസ്ആർടിസിയുടെ സ്നേഹാദരവ്

തിരുവനന്തപുരം: തലസ്ഥാന നഗരശുചീകരണ പ്രവർത്തനങ്ങൾക്ക് മാതൃകാപരമായ നേതൃത്വം വഹിക്കുന്ന തിരുവനന്തപുരം കോർപ്പറേഷൻ പബ്ലിക് ഹെൽത്ത് വിംഗിലെ ജീവനക്കാർക്ക് കെഎസ് ആർടിസി സിറ്റി ഡിപ്പോയുടെ നേതൃത്വത്തിൽ സ്നേഹാദരവ് നൽകി. സിറ്റി ഡിപ്പോയുടെ മുൻവശത്തും ഗാന്ധിപാർക്കിന് സമീപത്തും അടിഞ്ഞുകൂടിയ മാലിന്യ ശേഖരം പൂർണമായി നിർമാർജനം ചെയ്തത് കോർപ്പറേഷനിലെ ശുചീകരണ തൊഴിലാളികളായിരുന്നു. പ്രസ്തുത സേവനം ഉൾപ്പെടെ നഗരത്തിലെ ശുചീകരണത്തൊഴിലാളികളുടെ നിസ്തുല പ്രവർത്തനങ്ങൾ മാനിച്ചാണ് സിറ്റി അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ സി. പി. പ്രസാദിന്റെ നേതൃത്വത്തിൽ അനുമോദനം സംഘടിപ്പിച്ചത്.

ഹെൽത്ത് ഇൻസ്പെക്ടർ ശ്രീകാന്ത്, ശുചീകരണ തൊഴിലാളികളായ അജയകുമാർ, ബിജു സൈമൺ, സജി, പ്രമോദ്, അനിൽകുമാർ. വൈ, ജേക്കബ്ബ് എന്നിവർ സിറ്റി ഡിപ്പോയുടെ സ്നേഹാദരവ് ഏറ്റുവാങ്ങി. ചടങ്ങിൽ സ്റ്റേഷൻ മാസ്റ്റർ എൻ. കെ. രഞ്ജിത്ത്, അംഗീകൃത സംഘടനാ പ്രതിനിധികളായ ആർ. അശോകൻ, മഹേഷ്, ജയ്ബസ്, നാരായണ രാജ്, ബിടിസി ജില്ലാ കോ-ഓർഡിനേറ്റർ ജയകുമാർ തുടങ്ങിയവർ പങ്കെടുത്തു.

അനുമോദന സായാഹ്നം എസ്. സുരേഷ് ഉദ്ഘാടനം ചെയ്യുന്നു.

അനുമോദനസായാഹ്നം സംഘടിപ്പിച്ചു

നെയ്യാറ്റിൻകര: ബിജെപി കാരക്കോണം വാർഡ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കാരക്കോണം ജംക്ഷനിൽ സംഘടിപ്പിച്ച അനുമോദന സായാഹ്നം സംസ്ഥാന സെക്രട്ടറി എസ്. സുരേഷ് ഉദ്ഘാടനം ചെയ്തു. ഉന്നതവിജയം നേടിയ വിദ്യാർഥികളെ അനുമോദിക്കുകയും കർഷകർ, സൈനികർ, ബിജെപി മുൻകാല പ്രവർത്തകർ തുടങ്ങിയവരെ ആദരിക്കുകയും ചെയ്തു. മഞ്ചവിളാകം പ്രദീപ്, അരുവിയോട് സജി, വർണ സജി, മണവാരി രതീഷ്, ശിവകല, അഭിലാഷ്, മാണിനാട് സന്തോഷ്, പുരുഷോത്തമൻ, ശശികുമാർ, ചെറിയകൊല്ല പ്രതീപ് തുടങ്ങിയവർ സംസാരിച്ചു.

TATA

ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ്

വെബ്സൈറ്റ്: 11-ാം നില, ടവർ-എ, പെനിൻസുല ബിസിനസ് പാർക്ക്, ഗണപത് റാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ-400 013, മഹാരാഷ്ട്ര വിലാസം: 02-ാം നില, TC 16/458(12), ഇന്ദു ടവർ, ഇപ്പുഴത്തി ജംഗ്ഷൻ, വഴുതക്കാട് പി.ഒ, തിരുവനന്തപുരം- 695014.

സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള വിൽപ്പന അറിയിപ്പ്

സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 റൂൾ 8(6) R/W 9(1)

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റിസ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്റ്റ്, സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 റൂൾ 8(6) R/W 9(1) വായിച്ചു ചേർത്തു വായിക്കുക സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്

ലോൺ അക്കൗണ്ട് നമ്പർ. TCFLA0472000010951810, വിയുർ മുഹമ്മദ് സിറാജ്

ടാറ്റ ക്യാപ്റ്റൽ ലിമിറ്റഡ് (ടി സി എൽ) കമ്പനി ആക്റ്റ് 1956-ലെ വ്യവസ്ഥകൾ പ്രകാരം ഒരു നോൺ-ബാങ്കിംഗ് ഫിനാൻസ് കമ്പനിയാണെന്നും, ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ് പെനിൻസുല ബിസിനസ് പാർക്ക്, ടവർ എ, 11-ാം നില, ഗണപത്റാവു കദം റോഡ്, ലോവർ പരേൽ, മുംബൈ- 400013, എന്നതിൽ അതിർത്തി രജിസ്ട്രേഷൻ ഓഫീസും കേരളത്തിലെ ഒറ്റ സ്ഥലങ്ങളിൽ ഒരു ബ്രാഞ്ച് ഓഫീസ് (ബ്രാഞ്ച്) ഉണ്ടെന്നും ഇതിനാൽ അറിയിക്കുന്നു. കമ്പനി ആക്റ്റ്, 2013 (യുക്തിയിൽ പറഞ്ഞ നിയമം) നിലവിൽ ഒറ്റ ബ്രാഞ്ചായ വ്യവസ്ഥകൾ എന്നിവയോടൊപ്പം സെക്ഷൻ 230 മുതൽ 232 വരെയുള്ള വകുപ്പുകൾ പ്രകാരം ടാറ്റ ക്യാപിറ്റൽ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡും (TCFSL) ടാറ്റ ക്ലീൻടെക് ക്യാപിറ്റൽ ലിമിറ്റഡും (TCCL) ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ് സംയോജിത കമ്പനി ലോ ട്രിബ്യൂണൽ (NCLT) മുംബൈ 24.11.2023 ലെ ഓർഡറുകൾ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും , നിലവിൽ ട്രാൻസ്ഫെറർ കമ്പനികളുടെ , എല്ലാ പ്രോപ്പർട്ടികൾ, ആസ്തികൾ, അവകാശങ്ങൾ, ആസ്തികളുടെയും, പണം, കടപ്പത്രങ്ങൾ, ബാധ്യതകൾ, കരാറുകൾ, കരാറുകൾ, സെക്യൂരിറ്റികൾ എന്നിവയോടൊപ്പം 01.01.2024 പ്രകാരം പ്രസ്തുത ഓർഡറിനും സർക്കിളിനും അനുസൃതമായി, TCL-ലായി ലയിച്ചിട്ടുള്ള TCFSL നടപ്പിലാക്കിയ എല്ലാ രേഖകളും അവയുടെയോ ബന്ധപ്പെട്ട എല്ലാ കുടിശ്ശികകളും അപേക്ഷകൾ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. അതിനാൽ ടാറ്റ ക്യാപിറ്റൽ ലിമിറ്റഡിന് TCL-ന് [കടം വാങ്ങുന്നവരിൽ നിന്ന്/സഹ-വായ്പക്കാരിൽ] നിന്ന് അത് തെയ്യം ചെയ്യാൻ അർഹതയുണ്ട്.

ടാറ്റ ക്യാപിറ്റൽ ലിമിറ്റഡിനു (സെക്യൂരിറ്റി ഇന്റസ്റ്റ്/ടിസിഎൽ) ജാമ്യമായി നൽകിയിരിക്കുന്ന താഴെപ്പറയുന്ന സ്ഥാവര വസ്തുക്കൾ ടാറ്റ ക്യാപിറ്റൽ ലിമിറ്റഡിന്റെ സെക്യൂരിറ്റി ഇന്റസ്റ്റ് അംഗീകൃത ഓഫീസർ ജസ്തി ചെയ്ത് എറ്റെടുത്തിട്ടുള്ളതാണെന്നും പ്രസ്തുത വസ്തുക്കൾ "എവിടെയാണോ ഉള്ളത്" & "എന്തതാണോ ഉള്ളത്", "എങ്ങനെക്കെയാണോ ഉള്ളത്" അടിസ്ഥാനത്തിലും "തിരിച്ചടക്കാനുള്ള തുക അടിസ്ഥാനത്തിലും" 30 ജൂലൈ 2024ന് വിൽപ്പന നടത്തുന്നതാണെന്നും പൊതുജനങ്ങൾക്കു പൊതുവായും താഴെപ്പറയുന്ന വായ്പക്കാരനും സഹ-വായ്പക്കാരൻ എന്നിവർക്കും പ്രത്യേകിച്ചും ഇതിനാൽ നോട്ടീസ് നൽകുന്നു.

എന്നെന്നാൽ, ലോൺ അക്കൗണ്ട് TCFLA0472000010951810ലെ സെക്യൂരിറ്റി വായ്പ, കുടിശിക തുക രൂപ 1,37,07,100/- (ഒരു കോടി ഇരുപത്തേഴു ലക്ഷത്തി ഏഴായിരത്തി ഒന്നുറുപ്പിക രൂപ മാത്രം), 05.07.2024 തിയതി വരെയുള്ളത്. വായ്പക്കാർ & സഹ- വായ്പക്കാർ/ വ്യവസ്ഥകൾക്കാർ അതായത് (1) വിയുർ മുഹമ്മദ് സിറാജ് എസ്/ഒ സഹാബുദ്ദീൻ, നടുത്തോട്ടം, ഇലമ്പിലിട, പാറശാല, തിരുവനന്തപുരം-695502. (2) വിസിസ് ജസീല ആർ, നടുത്തോട്ടം, ഇലമ്പിലിട, പാറശാല, തിരുവനന്തപുരം-695502. (3) ഷൈനേഴ്സ് മോഡേൺ ലെത്തേഴ്സ്, പ്രതിനിധാനം ചെയ്യുന്നത് അതിന്റെ പ്രൊപ്രൈറ്റർ മുഹമ്മദ് സിറാജ് എസ്, 2/86, 2/860, കളിയക്കാവിള, വിളവൻകോട്, കന്യാകുമാരി-629153 എന്നിവരിൽ നിന്നു തിരിച്ചുപിടിക്കുന്നതിനായി സെക്യൂരിറ്റി അസറ്റിന്റെ വിൽപ്പന നടത്തുന്നു.

വിൽപ്പന നിർദ്ദേശിക്കുകയോ വാഗ്ദാനം ചെയ്യാനോ പക്ഷം ഈ പ്രോപ്പർട്ടി 2024 ജൂലൈ 30ന് ഉച്ചകഴിഞ്ഞ് 2.00ന്, രണ്ടാം നില, ടിസി 16/458(12), ഇന്ദു ടവർ, എട്ടുഴത്തി ജംക്ഷൻ, വഴുതക്കാട് പി.ഒ, തിരുവനന്തപുരം-695014 വിലാസത്തിൽ ബ്രാഞ്ച് ഓഫീസ് ഉള്ള ടിസിഎൽ ഇ- ലേലം വഴി വിൽപ്പന നടത്തുന്നതാണെന്ന് ഇതിനാൽ നോട്ടീസ് നൽകുന്നു.

പ്രോപ്പർട്ടി വാങ്ങുന്നതിനുള്ള ഒരുവച്ച ഇ-ലേല രേഖകൾ ഇപ്പോൾ വിലാസം ഓഫ് അടക്കം ടാറ്റ ക്യാപിറ്റൽ ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ 2024 ജൂലൈ 29ന് വൈകിട്ട് 5.00 വരെ സ്വീകരിക്കും.

ജാമ്യ വസ്തുവിന്റെ വിശദാംശങ്ങൾ	തുക ഓഫ് പ്രൊസ്പക്ടസ്/ കണ്ടീഷൻ/ പിസിക്കൽ	റിസർവ് പ്രൈസ് (രൂപ)	എണ്ണസ്റ്റ് മണി (രൂപ)
5 സെന്റിന്റെ തുല്യമായ 02.02 ആർ ഭൂമി PP-XV/108 സമ്പന്നമുള്ള രണ്ടു നില ടെറസ് കെട്ടിടം സഹിതം, ഇലക്ട്രിക് കണക്ഷൻ, കോംപൗണ്ട് വാൾ, ഗേറ്റ് തുടങ്ങി എല്ലാം ഇതിനുണ്ട്. വെയിൽ മേഖലയിൽ നിന്ന് അകത്തുകടക്കുന്നതും പുറത്തുപോകാനുള്ള വഴി അവകാശം. സഹി